# ചിക്കുവും വാഴപ്പഴവും



അടുക്കളവാതുക്കലെ വാഴ കുലച്ചതു കണ്ട് ചിക്കുവിന് വലിയ സന്തോഷമായി. അവൻ അമ്മയോട് പറഞ്ഞു. "അമ്മേ, നമ്മുടെ വാഴ കുലച്ചു. അധികം താമസിയാതെ നമുക്ക് വാഴപ്പഴം തിന്നാമല്ലോ."

കുറച്ചു ദിവസം കൊണ്ട് കായെല്ലാം പുറത്തുവന്നു. തവിട്ടു നിറമുള്ള മാണിക്കുല തൂങ്ങിക്കിടന്നു. സന്ധ്യാസമയമായപ്പോൾ ഒരു വവ്വാൽ വന്ന് മാണിക്കുലക്കുള്ളിൽ നിന്നും എന്തോ കുടിക്കുന്നതു കണ്ടു.

ചിക്കു ഓടിപ്പോയി അമ്മയെ വിളിച്ചുകൊണ്ടു വന്നു. അമ്മ പറഞ്ഞു: "മാണിക്കുലക്കുള്ളിലുള്ള തേനാണ് വവ്വാൽ കുടിക്കുന്നത്." പിറ്റേന്ന് അതേ നേരമായപ്പോൾ വവ്വാൽ പിന്നെയും വന്നു. ചിക്കു വാവലിനോടു പറഞ്ഞു. "ഇത് എന്റെ വാഴയാണ്. എന്റെ അനുവാദമില്ലാതെയാണ് നീ ഇതിലെ തേൻ കുടിക്കുന്നത്."

വവ്വാൽ പറഞ്ഞു. "ഈ തേൻകുടിക്കാൻ എനിക്ക് ആരുടേയും അനുവാദത്തിന്റെ ആവശ്യമില്ല. ഇത് പ്രകൃതി തന്ന സൗജന്യമാണ്." "അങ്ങനെ പറഞ്ഞാൽ ഞാൻ സമ്മതിച്ചു തരികയില്ല." ചിക്കു തർക്കിച്ചു. "എന്റെ അച്ഛനാണ് ഇതു കുഴിച്ചിട്ടത്. അമ്മയും ഞാനും കൂടി വെള്ളമൊഴിച്ചാണ് ഇത് വളർത്തിക്കൊണ്ടു വന്നത്. അങ്ങനെ വെള്ളവും വളവും എല്ലാം ഇട്ടിട്ടാണ് ഇതു കുലച്ചതും."



പിറ്റേന്ന് വവ്വാൽ വന്നപ്പോൾ കൂടെ ഒരു അണ്ണാ

റക്കണ്ണനും ഉണ്ടായിരുന്നു. ചിക്കു തലേന്നു പറഞ്ഞതുപോലൊ അണ്ണാറക്കണ്ണനോടും പറഞ്ഞു.

കൗശലക്കാരനായ അണ്ണാറക്കണ്ണൻ ചിക്കുവിനോടു പറഞ്ഞു. "ചിക്കുവെ, നീ ആ മാവിനേയും ആഞ്ഞിലിനേയും പ്ലാവിനേയും ഒന്നു നോക്കൂ. അതിന് നിങ്ങളാരെങ്കിലും വെള്ളമൊഴിക്കുന്നുണ്ടോ. ഇല്ലല്ലൊ. അതെല്ലാം കായ്ച്ചു ഫലങ്ങളെല്ലാം പഴുത്ത് പക്ഷികളും ഞങ്ങളും ഒക്കെ കഴിക്കുന്നതു കണ്ടല്ലൊ.

ഇപ്പോൾ നീ പറഞ്ഞത് പൊളിഞ്ഞില്ലേ, ഈ ഫലവൃക്ഷങ്ങൾക്കൊക്കെ നിങ്ങൾ വെള്ളമൊഴിച്ചില്ലെങ്കിലും പ്രകൃതി സമയാസമയത്ത് മഴപെയ്ത് വെള്ളം കൊടുക്കും.

പിന്നെ നിങ്ങൾ ഈ ഭൂമിയിലെ ഫലഭൂയിഷ്ഠമായ മണ്ണിനെ പ്ലാസ്റ്റിക്കും മറ്റു വസ്തുക്കളും വലിച്ചെറിഞ്ഞ് വിഷമയമാക്കിയില്ലെങ്കിൽ ആവശ്യത്തിനുള്ള വളവും കിട്ടും. അങ്ങനെ ഈ വൃക്ഷങ്ങളും ചെടികളും എല്ലാം ആവശ്യത്തിന് വെള്ളവും വളവും വലിച്ചെടുത്ത് തനിയെ കായ്ച്ച് നല്ല മധുരമുള്ള ഫലങ്ങൾ ഞങ്ങൾക്കുതരും. അതാണ് പ്രകൃതിയുടെ നിയമം.

സൂര്യനിൽനിന്നുള്ള വെളിച്ചവും അന്തരീക്ഷത്തിലെ പ്രാണ വായുവും ഒക്കെ കിട്ടുന്നതുകൊണ്ടല്ലെ നീ തന്നെ ജീവിക്കുന്നത്. അതു കിട്ടാൻ നീയൊരു അദ്ധ്വാനവും ചെയ്യുന്നില്ലല്ലൊ. അപ്പോൾ ഞങ്ങളെപ്പോലെ തന്നെയാണ് നീയും. നീയും ഈ പ്രകൃതിയുടെ കാരുണ്യം കൊണ്ടാണ് ജീവിക്കുന്നത്. അതു മറക്കേണ്ട."

ചിക്കു അമ്മയോട് അണ്ണാറക്കണ്ണൻ പറഞ്ഞതൊക്കെ ചെന്നു പറഞ്ഞു. അപ്പോൾ അമ്മ പറഞ്ഞു. "ശരിയാണ്, അണ്ണാൻ പറഞ്ഞത്. പ്രകൃതിയുടെ കാരുണ്യം കൊണ്ടാണ് മനുഷ്യരും പക്ഷിമൃഗാദികളും തൊട്ട് എല്ലാ ജീവജാലങ്ങളും ജീവിക്കുന്നത്. അത് മറക്കരുത്."

ചിക്കുവിന് കാര്യം മനസ്സിലായി. പിന്നെ അവൻ വവ്വാലിനോടും അണ്ണാനോടും തർക്കിച്ചില്ല. വാഴക്കുല പഴുത്തപ്പോൾ അണ്ണാറക്കണ്ണനും വവ്വാലും മൈനയും തത്തയും എല്ലാംവന്ന് അതിൽനിന്ന് തിന്നുന്നത് കണ്ട് അവൻ വളരെ സന്തോഷിക്കുകയും ചെയ്തു.

● കുസുമം ആർ പുന്നപ്ര



▶▶പിക്കാസൊയുടെ ജന്മനാട്- സ്പെയിൻ